## സാമൂഹ്യനീതി ഡയറക്ടറുടെ നടപടിക്രമങ്ങൾ
## (സാന്നിദ്ധ്യം – ജാഫർ മലിക് ഐഎഎസ്)

തിരുവനന്തപുരം

ഉത്തരവ് നമ്പർ ഇ9/1020/18 (1) തീയതി 04/6/2019

വിഷയം :- സാമൂഹ്യനീതി വകുപ്പ്- ജീവനക്കാര്യം- 01/7/2008 മുതൽ 31/12/2012 വരെ സാമൂഹ്യനീതി വകുപ്പിൽ ഉണ്ടായിട്ടുള്ള സീനിയർ ക്ലാർക്ക് തസ്തികയിലെ ഒഴിവുകളുടെ അടിസ്ഥാനത്തിൽ സ്ഥാനക്കയറ്റം ലഭിച്ചിട്ടുള്ള ജീവനക്കാരുടെ അന്തിമ സീനിയോറിട്ടി – ജീവനക്കാരനെ ഉൾപ്പെടുത്തി ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം :- 1. സാമൂഹ്യനീതി ഡയറക്ടറുടെ 8/10/2014 ലെ ഇ9/25959/13 നമ്പർ നടപടിക്രമങ്ങൾ
2. സാമൂഹ്യനീതി ഡയറക്ടറുടെ 29/6/2016 ലെ ഇ9/10441/15 നമ്പർ നടപടിക്രമങ്ങൾ
3. സാമൂഹ്യനീതി ഡയറക്ടറുടെ 29/6/2018 ലെ ഇ9/1020/18(1) നമ്പർ നടപടിക്രമങ്ങൾ
4. സ.ഉ (സാധാ) നം. 202/2019/സാനീവ തീയതി 10/04/2019

സാമൂഹ്യനീതി വകുപ്പിൽ 01/01/2013 മുതൽ 31/12/2015 വരെ സീനിയർ ക്ലാർക്ക് തസ്തികയിൽ ഉണ്ടായിട്ടുള്ള ഒഴിവുകളുടെ അടിസ്ഥാനത്തിൽ സ്ഥാനക്കയറ്റം ലഭിച്ചിട്ടുള്ള ജീവനക്കാരുടെ പരാമർശം (2) ലെ അന്തിമ ഗ്രഡേഷൻ ലിസ്റ്റിൽ ക്രമ നം. 29 (എ) ആയി ശ്രീ.രജീഷ്.കെ, സീനിയർ ക്ലാർക്ക്, ഐസിഡിഎസ് കാഞ്ഞങ്ങാട് –നെ ഉൾപ്പെടുത്തി ഭേദഗതി വരുത്തി പരാമർശം (3) പ്രകാരം ഉത്തരവായിരുന്നു. എന്നാൽ എസ്.സി വിഭാഗക്കാരനായ ശ്രീ.രജീഷ്.കെ നിശ്ചിത കാലയളവിനുള്ളിൽ വകുപ്പുതല പരീക്ഷകൾ വിജയിച്ചിട്ടുള്ളതിനാൽ മുൻകാല പ്രാബല്യത്തിൽ സീനിയർ ക്ലാർക്ക് തസ്തികയിൽ അസൈൻമെന്റ് ലഭിയ്ക്കണമെന്ന് അപേക്ഷിച്ച് ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ OA(EKM) 1929/18 നമ്പർ ഹർജി സമർപ്പിക്കുകയും ശ്രീ.രജീഷ്.കെയുടെ അപേക്ഷയിൻമേൽ ഉചിതമായ ഉത്തരവ് പുറപ്പെടുവിയ്ക്കുവാൻ സർക്കാരിന് നിർദ്ദേശം നൽകി ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ 30/10/2018 ൽ വിധിന്യായം പുറപ്പെടുവിക്കുകയുമുണ്ടായി.

ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ ശ്രീ.രജീഷ്.കെ യ്ക്ക് ചട്ടം 13(A) 1(a) പ്രകാരം ടിയാന്റെ യോഗ്യനായ ജൂനിയറായ ശ്രീ.ചാർലസിന് സീനിയർ ക്ലാർക്ക് തസ്തികയിൽ സീനിയോറിട്ടി അസൈൻ ചെയ്ത തീയതിയിൽ (31/7/2010) സീനിയോറിട്ടി അസൈൻ ചെയ്ത് ലഭിക്കുന്നതിന് അർഹതയുള്ളതിനാൽ പ്രസ്തുത തീയതി മുതൽ 3 വർഷത്തിനകം ടിയാൻ പ്രൊമോഷനാവശ്യമായ ടെസ്റ്റ് യോഗ്യത നേടിയിരിക്കണമെന്നും,

അല്ലാത്ത പക്ഷം മൂന്ന് വർഷം തികയുന്ന തീയതിയിൽ ടിയാനെ റിവർട്ട് ചെയ്യേണ്ടതായി വരുമെന്നും , പിന്നീട് യഥാർത്ഥത്തിൽ ടെസ്റ്റ് പാസ്സായ തീയതി മുതൽ പ്രൊമോഷൻ ലഭിക്കുന്നതിനേ ടിയാന് അർഹതയുണ്ടാകൂ എന്നുമുള്ള വ്യവസ്ഥയിൽ ശ്രീ.രജീഷ്.കെ യുടെ സീനിയർ ക്ലാർക്ക് തസ്തികയിലെ പ്രൊമോഷൻ മുൻകാല പ്രാബല്യത്തിൽ അനുവദിക്കുവാൻ സാമൂഹ്യനീതി ഡയറക്ടർക്ക് നിർദ്ദേശം നൽകിയും പരാമർശം (4) പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്.

ശ്രീ.രജീഷ്.കെ 2013 ജൂലൈ മാസത്തിൽ വകുപ്പുതല പരീക്ഷകൾ പാസ്സായിട്ടുള്ളതിനാൽ ടിയാന്റെ യോഗ്യനായ ജൂനിയറായ ശ്രീ.ചാർലസിന് സീനിയർ ക്ലാർക്ക് തസ്തികയിൽ സീനിയോറിട്ടി അസൈൻ ചെയ്ത 31/7/2010 തീയതിയിൽ സീനിയോറിട്ടി അസൈൻ ചെയ്ത് ലഭിക്കുന്നതിന് അർഹതയുണ്ട്. ഈ സാഹചര്യത്തിൽ മുൻ ഖണ്ഡികയിലെ വ്യവസ്ഥകൾക്ക് വിധേയമായി ശ്രീ.രജീഷ്.കെ യ്യെ പരാമർശം (1) ലെ അന്തിമ ഗ്രഡേഷൻ ലിസ്റ്റിൽ ക്രമ നം. 84 ശ്രീമതി അനിത.വി.വി യ്യും ക്രമ നം. 85 ശ്രീ ചാർലസിനും ഇടയിലായി ചുവടെ ചേർക്കും പ്രകാരം ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| Sl No | Name | Date of Birth | Qualification | | Date of Declaration of probation in LD Clerk | Date of Assignment | Remarks |
|---|---|---|---|---|---|---|---|
| | | | Educational | Departmental | | | |
| 84 A | Sri Rajeesh.K | 10/5/1981 | SSLC | MOP 7/2008<br>A/C Test 7/2013 | 22/2/2009 | 31/7/2010 | |

പരാമർശം (1) ലെ ഉത്തരവ് മേൽ ഭേദഗതിയോടു കൂടി നിലനിൽക്കുന്നതാണ്.

(ഒപ്പ്)
സാമൂഹ്യനീതി ഡയറക്ടർ

ശ്രീ.രജീഷ്.കെ, സീനിയർ ക്ലാർക്ക്
ഐസിഡിഎസ് കാഞ്ഞങ്ങാട് (കാര്യാലയമേധാവി മുഖേന)

<u>പകർപ്പ്</u>

1. ശിശുവികസന പദ്ധതി ഓഫീസർ, കാഞ്ഞങ്ങാട്
2. സൂപ്രണ്ട്, ഐറ്റി സെക്ഷൻ (വെബ് സൈറ്റ് പ്രസിദ്ധീകരണത്തിന്)
3. ഇ2 സീറ്റ്
4. സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്